KHSTU
Kerala Higher Secondary Teachers Union

E Paper

മലയാള മനോരമ 16/01/2014

# കെഎച്ച്എസ്ടിയു ജില്ലാ സമ്മേളനം നാളെയും മറ്റന്നാളും

മലപ്പുറം ● കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ (കെഎച്ച്എസ്ടിയു) ജില്ലാ സമ്മേളനം നാളെയും മറ്റന്നാളും മഞ്ചേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും.

നാളെ വൈകിട്ട് നാലിന് സ്വാഗതസംഘം ചെയർമാൻ വല്ലാഞ്ചിറ മുഹമ്മദലി പതാക ഉയർത്തും. കൗൺസിൽ മീറ്റ് ടി.വി. ഇബ്രാഹീം ഉദ്ഘാടനം ചെയ്യും. വൈകിട്ട് ആറിന് സാംസ്കാരിക സദസ്സ് പി. അബ്ദുൽഹമീദ് ഉദ്ഘാടനം ചെയ്യും. മാപ്പിളപ്പാട്ട് സാഹിത്യകാരൻ ഫൈസൽ എളേറ്റിൽ മുഖ്യാതിഥിയായിരിക്കും.

18ന് രാവിലെ ഒൻപതിന് സമ്മേളനം പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

സർവീസിൽനിന്ന് വിരമിക്കുന്നവർക്ക് അബ്ദുറഹ്മാൻ രണ്ടത്താണി എംഎൽഎ ഉപഹാരങ്ങൾ നൽകും. കെ. മുഹമ്മദുണ്ണി ഹാജി എംഎൽഎ മുഖ്യാതിഥിയായിരിക്കും.

വിദ്യാഭ്യാസ സമ്മേളനം മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്യും. കൽപറ്റ നാരായണൻ മുഖ്യപ്രഭാഷണം നടത്തും. ഉച്ചയ്ക്ക് ഒന്നിന് സൗഹൃദ സംഗമം എം. ഉമ്മർ എംഎൽഎ ഉദ്ഘാടനം ചെയ്യും.

സമാപന സമ്മേളനം വൈകിട്ട് മൂന്നിന് കേന്ദ്രമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികളായ കെ. മുഹമ്മദ് ഇസ്മായിൽ, ജില്ലാ പ്രസിഡന്റ് സി.ടി.പി. ഉണ്ണിമൊയ്തീൻ, ജനറൽ സെക്രട്ടറി വി.പി. സലീം, എം.എ. സലാം, സി.കെ. സൈതലവി എന്നിവർ അറിയിച്ചു.

THE FIRST INTERNATIONAL INDIAN NEWSPAPER

# മാധ്യമം

**19/01/2014**

**മഞ്ചേരി:** നാലു മാസമായി സംസ്ഥാന മന്ത്രിസഭായോഗങ്ങളിൽ ധനകാര്യ വകുപ്പിൻെറ പങ്കാളിത്തമേയില്ലെന്ന് വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ്. മഞ്ചേരിയിൽ ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂനിയൻ (കെ.എച്ച്.എസ്.ടി.യു) ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭരണ നവീകരണത്തിനും വികസന പദ്ധതികൾക്കും ഖജനാവിൽ പണമില്ലെന്നാണ് ധനവകുപ്പ് പറയുന്നത്.

ഹയർസെക്കൻഡറിയിൽ 668 പുതിയ ബാച്ചുകൾ തുടങ്ങുന്ന വിഷയം ഹൈകോടതിയുടെ പരിഗണനയിലാണ്. വിധി വന്നാൽ നടപടികൾ ഊർജിതമാക്കും.

ഹയർ സെക്കൻഡറി മേഖലയിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കും. പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കാൻ നിയോഗിച്ച ലബ്ബാ കമ്മിറ്റി ശിപാർശകൾ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അധിക ബാച്ചുകളിലെ അധ്യാപക തസ്തിക നിർണയവുമായി ബന്ധപ്പെട്ട ഫയലുകൾ ധനകാര്യ വകുപ്പിൻെറ പരിഗണനയിലാണ്. അധ്യാപകർക്ക് അർഹമായ ആനുകൂല്യങ്ങളൊന്നും നഷ്ടപ്പെടില്ലെന്നും അദ്ദേഹം ഉറപ്പുനൽകി.

എ. അബൂബക്കർ അധ്യക്ഷത വഹിച്ചു. ടി.എ. അഹമ്മദ് കബീർ എം.എൽ.എ, അഡ്വ. കെ.എൻ. ഖാദർ എം.എൽ.എ , പി. ഉബൈദുല്ല എം.എൽ.എ, ഒ.ഒ. ഷൗക്കത്തലി, കെ.പി. ജൽസീമിയ, കൽപ്പറ്റ നാരായണൻ, കെ.വി. മുഹമ്മദ് സലീം, പി.എം. ജലീൽ, പി.പി. ഷമീല എന്നിവർ സംസാരിച്ചു. പച്ചായി മൊയ്തീൻകുട്ടി സ്വാഗതവും സി. അബ്ദുറഊഫ് നന്ദിയും പറഞ്ഞു. ഉദ്ഘാടന സമ്മേളനം സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. സി.ടി.പി. ഉണ്ണിമൊയ്തീൻ അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർമാൻ വല്ലാഞ്ചിറ മുഹമ്മദലി, അഡ്വ. എൻ.സി. ഫൈസൽ, സലീം കുരുവമ്പലം, എ.എം. അബൂബക്കർ, പി.എം. കൃഷ്ണൻ നമ്പൂതിരി, കണ്ണിയൻ അബൂബക്കർ, എൻ.കെ. അഫ്സൽറഹ്മാൻ എന്നിവർ സംസാരിച്ചു. വി.പി. സലീം സ്വാഗതവും കെ.കെ. ഹംസ നന്ദിയും പറഞ്ഞു.

സുഹൃദ് സംഗമം അഡ്വ. എം. ഉമ്മർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

എം.എ. സലാം അധ്യക്ഷത വഹിച്ചു. അഡ്വ. യു.എ. ലത്തീഫ്, കെ.ടി. അബ്ദുലത്തീഫ്, എം.എ. മുഹമ്മദലി, ശരീഫ് ചന്ദനത്തോപ്പ്, എ.കെ. മുഹമ്മദലി, വി.കെ. അബ്ദുറഹിമാൻ എന്നിവർ സംസാരിച്ചു. കെ. അബ്ദുന്നാസർ സ്വാഗതവും ജാസിം എടപ്പാൾ നന്ദിയും പറഞ്ഞു.

സമാപന സമ്മേളനം കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്തു. പി. സക്കീർ ഹുസൈൻ അധ്യക്ഷത വഹിച്ചു. കെ. മുഹമ്മദ് ഇസ്മായിൽ, ടി.വി. ഇബ്രാഹിം, പി.പി. സാജിദ എന്നിവർ സംസാരിച്ചു. എൻ. കുഞ്ഞിമുഹമ്മദ് സ്വാഗതവും സി.കെ. സെയ്തലവി നന്ദിയും പറഞ്ഞു.

# മലയാള മനോരമ

ESTABLISHED 1888

**14/01/14**

## പ്ലസ് ടു അധ്യാപകരുടെ ആവശ്യങ്ങൾ നടപ്പാക്കണം: കെഎച്ച്എസ്ടിയു

കോഴിക്കോട് ● പ്ലസ് ടു അധ്യാപകരുടെ അർഹതപ്പെട്ട പ്രിൻസിപ്പൽ നിയമനം, ജൂനിയർ അധ്യാപകരുടെ സീനിയർ അധ്യാപക സ്ഥാനക്കയറ്റം തുടങ്ങിയവ ഉടൻ നടപ്പാക്കണമെന്ന് കെഎച്ച്എസ്ടിയു സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഹയർ സെക്കൻഡറി ജൂനിയർ അധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരീക്ഷാ ഡപ്യൂട്ടി ചീഫായി നിയമിക്കാനും യോഗം ആവശ്യപ്പെട്ടു. കാലിക്കറ്റ് സർവകലാശാലാ സെനറ്റ് അംഗം ടി.പി. ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. വിളക്കോട്ടൂർ മുഹമ്മദലി ആധ്യക്ഷ്യം വഹിച്ചു. കെ.ടി. അബ്ദുൽ ലത്തീഫ്, ഒ. ഷൗക്കത്തലി, പി.എം. കൃഷ്ണൻ നമ്പൂതിരി, കെ.കെ. ആലിക്കുട്ടി എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 18/01/14



ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമ്മേളനത്തിന് തുടക്കമിട്ട സാംസ്കാരിക സമ്മേളനം മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി പി. അബ്ദുൽഹമീദ് മഞ്ചേരിയിൽ ഉദ്ഘാടനം ചെയ്യുന്നു.

# കെഎച്ച്എസ്ടിയു ജില്ലാ സമ്മേളനം തുടങ്ങി

മഞ്ചേരി ● കേരള ഹയർ സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം തുടങ്ങി. സാംസ്കാരിക സദസ്സ് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി പി. അബ്ദുൽഹമീദ് ഉദ്ഘാടനം ചെയ്തു.

ഓപ്പൺ സ്കൂളിൽ റജിസ്റ്റർ ചെയ്ത വിദ്യാർഥികളിൽ 27000 പേരും മലപ്പുറം ജില്ലക്കാരായതിനാൽ കൂടുതൽ ഹയർ സെക്കൻഡറി സ്കൂളുകൾ ജില്ലയ്ക്ക് അനുവദിക്കണമെന്ന് ഹമീദ് ആവശ്യപ്പെട്ടു. എം. അബ്ദുൽമജീദ് അധ്യക്ഷത വഹിച്ചു. പ്രിയതൻ പറയോട്(?), ഡോ. സൈനുൽ ആബിദ്, കെ.എം. അബ്ദുല്ല, കുഞ്ഞിമുഹമ്മദ് പുത്തലത്ത്, എ.പി. ഇബ്രാഹിം സിദ്ദീഖി, കണ്ണിയൻ അബൂബക്കർ, എം.പി.എ. ഇബ്രാഹിം കുരിക്കൾ എന്നിവർ പ്രസംഗിച്ചു. നഗരസഭാധ്യക്ഷൻ വല്ലാഞ്ചിറ മുഹമ്മദലി പതാകയുയർത്തി. കൗൺസിൽ മീറ്റ് ടി.വി. ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. മ. ഷൗക്കത്തലി(?), കെ. മുഹമ്മദ് ഇസ്മായിൽ, സി.എച്ച്. മൂസ, പി.ടി.പി. ഉണ്ണിമൊയ്തീൻ, വി.പി. സലീം, എം.എ. സലാം, ടി. മുജീബ്റഹ്മാൻ, കെ. മുഹമ്മദ് മുസ്തഫ, നുജൂം എന്നിവർ പ്രസംഗിച്ചു.

സമ്മേളനം ഇന്നും തുടരും. 9.30ന് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ, 11ന് മന്ത്രി പി.കെ. അബ്ദുറബ്ബ്, രണ്ടിന് കേന്ദ്രമന്ത്രി ഇ. അഹമ്മദ് എന്നിവർ വിവിധ സമ്മേളനങ്ങൾ ഉദ്ഘാടനം ചെയ്യും.

മലയാള മനോരമ

19/01/14




ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമാപന സമ്മേളനം മഞ്ചേരിയിൽ കേന്ദ്ര മന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു.

# ലബ്ബ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി

മഞ്ചേരി ● ഹയർ സെക്കൻഡറി മേഖലയിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുമെന്നും ലബ്ബാ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പി.കെ. അബ്ദുറബ്ബ്. അധ്യാപക തസ്തിക നിർണയവുമായി ബന്ധപ്പെട്ട ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണെന്നും അധ്യാപകർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടാനിടയില്ലെന്നും മന്ത്രി പറഞ്ഞു.

ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന വിദ്യാഭ്യാസ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എ. അബൂബക്കർ ആധ്യക്ഷ്യം വഹിച്ചു. ടി.എ. അഹമ്മദ് കബീർ എംഎൽഎ, പി. ഉബൈദുല്ല എംഎൽഎ, ഒ. ഷൗക്കത്തലി, കെ.പി. ജൽസീമിയ, കൽപറ്റ നരായണൻ, കെ.വി. മുഹമ്മദ് സലീം, പി.എ. ജലീൽ, പി.പി. ഷമീല, പി. മൊയ്തീൻകുട്ടി, സി. അബ്ദുറഊഫ് എന്നിവർ പ്രസംഗിച്ചു.

സമ്മേളനം പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. സി.ടി.പി. ഉണ്ണിമൊയ്തീൻ ആധ്യക്ഷ്യം വഹിച്ചു.

നഗരസഭാധ്യക്ഷൻ വല്ലാഞ്ചിറ മുഹമ്മദാലി, അഡ്വ. എൻ.സി. ഫൈസൽ, സലീം കുരുവമ്പലം, എ.എം. അബൂബക്കർ, പി.എം. കൃഷ്ണൻ നമ്പൂതിരി, കണ്ണിയൻ അബൂബക്കർ, എൻ.കെ. അഫ്സലുറഹ്മാൻ, വി.പി. സലീം, കെ.കെ. ഹംസ എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനം കേന്ദ്രമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്തു. ഹയർ സെക്കൻഡറി മേഖലയുടെ ശാക്തീകരണത്തിനു നടപടികൾ എടുത്തത് യുഡിഎഫ് സർക്കാറാണെന്നും പ്രീ ഡിഗ്രി ബോർഡിനു തടസ്സം നിന്നവർ അധികാരത്തിൽ വന്നപ്പോഴും പ്ലസ് വൺ മേഖലയെ അവഗണിക്കുകയായിരുന്നെന്നും മന്ത്രി ഇ. അഹമ്മദ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പി. സക്കീർ ഹുസൈൻ ആധ്യക്ഷ്യം വഹിച്ചു. പി.എ. സാജുദ്ദീൻ, കെ. മുഹമ്മദ് ഇസ്മായിൽ, ടി.വി. ഇബ്രാഹിം, പി.പി. സാജിദ, എൻ. കുഞ്ഞിമുഹമ്മദ്, സി.കെ. സെയ്തലവി എന്നിവർ പ്രസംഗിച്ചു.